**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6274** **17-03-2023 - ൽ മറുപടിയ്ക്ക്**

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. മോൻസ് ജോസഫ്</th><th colspan="2">ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കൺസ്യൂമർഫെഡിന്റെ കീഴിലുള്ള ത്രിവേണി സ്റ്റോറുകളിൽ ആവശ്യത്തിലധികം തൊഴിലാളികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;</td><td>(എ)</td><td>ഇല്ല.</td></tr>
<tr><td>(ബി)</td><td>ഇതുമൂലം സ്ഥാപനം ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ; ഇവരെ നിലനിർത്തുന്നതിനും സ്ഥാപനം കൂടുതൽ ലാഭകരമാക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;</td><td>(ബി)</td><td>ത്രിവേണിസ്റ്റോറുകളുടെ വിൽപന വർദ്ധിപ്പിക്കുന്നതിനും വ്യാപാരം വിപുലീകരിക്കുന്നതിനുമായി ശക്തമായ മാർക്കറ്റിംഗ് സംവിധാനവും ഹോം ഡെലിവറി സംവിധാനവും നടപ്പിലാക്കുന്നതിനായി ക്രമീകരണം നടത്തി വരികയാണ്. ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കൂടി ഉൾപ്പെടുത്തി ഹോം ഡെലിവറി സംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>2016 മുതൽ 2022 വരെയുള്ള കാലയളവിൽ കൺസ്യൂമർ ഫെഡിന്റെ സഞ്ചിത ലാഭം/ സഞ്ചിത നഷ്ടം എത്രയെന്നും സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം എത്രയെന്നും വിശദമാക്കുമോ;</td><td>(സി)</td><td>2015-'16 സാമ്പത്തിക വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് പൂർത്തീകരിക്കുകയും 2016-'17 വരെയുള്ള ഫിനാൻഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
<table>
<tr><th>വർഷം</th><th>സഞ്ചിത നഷ്ടം<br>(ലക്ഷത്തിൽ)</th><th>റിമാർക്ക്സ്</th></tr>
<tr><td>2016-'17</td><td>82,245.22/-</td><td>Financial Audit</td></tr>
<tr><td>2017-'18</td><td>63,007.90/-</td><td>Tentative</td></tr>
<tr><td>2018-'19</td><td>54,918.90/-</td><td>Tentative</td></tr>
<tr><td>2019-'20</td><td>48,656.28/-</td><td>Tentative</td></tr>
<tr><td>2020-'21</td><td>50,332.48/-</td><td>Tentative</td></tr>
<tr><td>2021-'22</td><td>51,623.96/-</td><td>Tentative</td></tr>
</table>
2020-'21 സാമ്പത്തിക വർഷം Temperature Controlled Warehouse ന്റെ നിർമ്മാണത്തിനായി പദ്ധതി</td></tr>
</table>

| | | | |
|---|---|---|---|
| | | | ശീർഷകത്തിൽ ഉൾപ്പെടുത്തി **1.00** കോടി രൂപ ധനസഹായമായി കൺസ്യൂമർഫെഡിന് അനുവദിച്ചിട്ടുണ്ട്.<br><br>**2016-'17** സാമ്പത്തിക വർഷം മുതൽ **2021-'22** സാമ്പത്തിക വർഷം വരെ **28832.18** ലക്ഷം രൂപ നോൺ-പ്ലാൻ ഇനത്തിൽ സർക്കാർ കൺസ്യൂമർഫെഡിനു നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലഘട്ടത്തിൽ കൺസ്യൂമർ ഫെഡ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 1. കൃത്യമായ അളവിലും ഗുണത്തിലും ഉന്നനിലവാരവും വിലക്കുറവുമുള്ള കൺസ്യൂമർ ഫെഡിന്റെ ഉൽപ്പന്നങ്ങളായി ത്രിവേണി ബ്രാൻഡിൽ ചായപ്പൊടി, വെളിച്ചെണ്ണ, ആട്ട, മൈദ, റവ എന്നിവ വിപണിയിലിറക്കി.<br>2. ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് സർക്കാർ സബ്സിഡിയോടു കൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഉത്സവകാല ചന്തകൾ നടത്തി വരുന്നു.<br>3. ഇ-ടെണ്ടർ നടപ്പിൽ വരുത്തി പർച്ചേസ് വിഭാഗം ശക്തിപ്പെടുത്തി.<br>4. റീജിയണൽ തലത്തിൽ പ്രാദേശിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് ആർ.പി.സി. സംവിധാനം നടപ്പിൽ വരുത്തി.<br>5. കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ വഴിയും നടത്തുന്ന നീതിമെഡിക്കൽ സ്റ്റോറുകളുടെ എണ്ണവും വിൽപ്പനയും വർദ്ധിപ്പിക്കാൻ കഴിഞ്ഞു.<br>6. വിദേശമദ്യ വ്യാപാരം ലാഭകരമായി പ്രവർത്തിക്കുന്നു. കൂടുതൽ യൂണിറ്റുകളും സെൽഫ് സർവ്വീസ് സെക്ഷനായി പ്രവർത്തിച്ചു വരുന്നു.<br>7. എല്ലാ പഠനോപകരണങ്ങളും ഒരു കുടക്കീഴിൽ അണിനിരത്തി സ്കൂൾ മാർക്കറ്റുകൾ വിപുലമായി നടത്തി.<br>8. ഓഫീസ് സ്റ്റേഷനറികളുടെ വിതരണത്തിനായി 18 ഇ-ത്രിവേണികൾ ആരംഭിച്ചു.<br>9. കൺസ്യൂമർഫെഡിലെ കമ്പ്യൂട്ടർവൽക്കരണവും നിലവിലെ കമ്പ്യൂട്ടർ ശൃംഖല വിപുലീകരണവും ലക്ഷ്യമിട്ടുകൊണ്ട് കൺസ്യൂമർഫെഡിന്റെ വളർച്ചക്കനുകൂലമായ പുതിയ സോഫ്റ്റ് വെയർ നിർമ്മാണത്തിനാവശ്യമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു.<br>10. പർച്ചേയ്സിൽ വീഴ്ച വരാതിരിക്കുന്നതിന് പുതിയ പർച്ചേയ്സ് റൂൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.<br>11. ആധുനിക മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കി. |

സെക്ഷൻ ഓഫീസർ